# സ്ത്രീകളും പുരുഷന്മാരും കൂടിക്കലർന്നുള്ള വിദ്യാഭ്യാസത്തെ കുറിച്ച് ശൈഖ് യഹ്യയ ഇബിനു അലി അൽ ഹജൂരി حفظه الله യുടെ ഫത്വവ


**യഹ്യയ ഇബിനു അലി അൽഹജൂരി**


**ശഅ്ബാൻ 10 1423 ഹിജ്റ**


**വിവർത്തകൻ : അബൂ മുഫ്ലിഹ് ഉസ്മാൻ** ثبته الله

**പരിശോധിച്ചത് : മുഹമ്മദ് ഇബ്നു മൂസ , അബൂ സഊദ്** وفقهما الله

**ദാറുൽ ഹദീസ് ,ഹാമി ,യമൻ**

بسم الله الرحمن الرحيم

فَاسْأَلُوا أَهْلَ الذِّكْرِ إِن كُنتُمْ لَا تَعْلَمُونَ

**നിങ്ങൾക്ക് അറിവില്ലെങ്കിൽ അറിവുള്ളവരോട് ചോദിക്കുക**

**(അമ്പിയാഅ്7)**

وَتِلْكَ ٱلْأَمْثَٰلُ نَضْرِبُهَا لِلنَّاسِ ۖ وَمَا يَعْقِلُهَآ إِلَّا ٱلْعَٰلِمُونَ

**ആ ഉപമകൾ നാം മനുഷ്യർക്ക് വേണ്ടി വിവരിക്കുകയാണ്. അറിവുള്ളവരല്ലാതെ അവയെപ്പറ്റി ചിന്തിച്ച് മനസ്സിലാക്കുകയില്ല (അൻകബൂത്43)**

**എന്നീ ഖുർആൻ ആയത്തുകൾക്ക് ആജ്ഞാനുവർത്തരായികൊണ്ട് ഈ ചോദ്യം നാം ശൈഖ് യഹ്‌യ ഇബ്നു അലി അൽ ഹജൂരി** حفظه الله **യുടെ ശ്രദ്ധയിലേക്ക് തിരിക്കുകയാണ് , അത് താഴെ പറയും പ്രകാരമാണ് .**

**ചോദ്യം : യമൻ രാജ്യത്തിന്റെ ഒട്ടേറെ സ്ഥലങ്ങളിൽ ഇപ്പോൾ 'നിരക്ഷരതയുടെ നിർമാർജനം' എന്ന പേരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു , അവർ അതിൽ പഠിപ്പിക്കുന്നത് സ്ത്രീകളെയാണ് , അധികവും അദ്ധ്യാപകർ പുരുഷന്മാരായിരിക്കും , അവർ യുവതികളും**

കന്യകമാരും ആയ സ്ത്രീകളെ പഠിപ്പിക്കുന്നു . അതുകാരണമായി സ്ത്രീപുരുഷ കൂടിക്കലരൽ , തമ്മിലുള്ള നോട്ടം എന്നിവയും മറ്റും സംഭവിക്കുന്നു , അതല്ലാതെ മറ്റെന്തൊക്കെയാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും ഭാവിയിൽ എന്തൊക്കെ സംഭവിക്കുമെന്നും അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ , നമ്മൾ ബനൂ കൈസ് ഹാഷിദ് എന്ന പ്രദേശത്തുള്ളവരാണ് , ഞങ്ങൾ ഇതിൽ നിന്ന് വളരെ വ്യസനത്തിലാണ് , അതിനാൽ  യാ ശൈഖ് ,ഈ പ്രവർത്തിയുടെ ശറഇയ്യായ ഹുകും നമുക്ക് വ്യക്തമാക്കി തന്നാലും , അത് പോലെതന്നെ മാതാപിതാക്കളുടെ മക്കളുടെ മേലുള്ള ഉത്തരവാദിത്വവും ? അല്ലാഹു താങ്കൾക്ക് ഉത്തമമായ പ്രതിഫലം നൽകട്ടെ !

ഉത്തരം :

തീർച്ചയായും സ്ത്രീപുരുഷന്മാർ കൂടിക്കലർന്നുള്ള ഈ പഠനം തിന്മകളിൽ പെട്ട ഒരു തിന്മയാണ് , ഈ തിന്മയെ തടയൽ കൊണ്ടല്ലാതെ ഈ ഉമ്മത്തിന് യാതൊരു വിജയവുമില്ല .

(തിന്മയെ തടയൽ നിർബന്ധകാര്യം)

അല്ലാഹു പറഞ്ഞു :

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ ۚ وَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُون

**നൻമയിലേക്ക് ക്ഷണിക്കുകയും, നന്മ കൽപിക്കുകയും, തിന്മയിൽ നിന്ന് തടയുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ, അവരത്രെ വിജയികൾ (ആലിഇമ്രാൻ104)**

**(തിന്മ തടയലും നന്മ കൽപിക്കലും സത്യവിശ്വസികളുടെ ഗുണങ്ങൾ)**

**ഇതു സത്യവിശ്വാസികളുടെ ഗുണങ്ങളാണ് ,**

**അല്ലാഹു പറഞ്ഞു :**

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَٰٓئِكَ سَيَرْحَمُهُمُ ٱللَّهُ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ

**സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെയും അവൻറെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു**

കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു അസീസും ഹകീമുമാണ് (തൗബ71)

(തിന്മ തടയലും നന്മ കൽപിക്കലും ഒഴിവാക്കുന്നത് അല്ലാഹുവിന്റെ ശിക്ഷക്ക് ഹേതുവാകും)

ബനൂ ഇസ്‌റാഈലിനെ നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യുക എന്ന നിർബന്ധകാര്യം ഒഴിവാക്കിയത് കാരണമായി അല്ലാഹു ശപിച്ചിരിക്കുന്നു ,

അല്ലാഹു പറഞ്ഞു :

لُعِنَ ٱلَّذِينَ كَفَرُوا۟ مِنۢ بَنِىٓ إِسْرَٰٓءِيلَ عَلَىٰ لِسَانِ دَاوُۥدَ وَعِيسَى ٱبْنِ مَرْيَمَ ۚ ذَٰلِكَ بِمَا عَصَوا۟ وَّكَانُوا۟ يَعْتَدُونَ

ഇസ്‌റായീൽ സന്തതികളിലെ സത്യനിഷേധികൾ ദാവൂദിൻറെയും, മർയമിൻറെ മകൻ ഈസായുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു. അവർ അനുസരണക്കേട് കാണിക്കുകയും, അതിക്രമം കൈക്കൊള്ളുകയും ചെയ്തതിൻറെ ഫലമത്രെ അത്

كَانُوا۟ لَا يَتَنَاهَوْنَ عَن مُّنكَرٍ فَعَلُوهُ ۚ لَبِئْسَ مَا كَانُوا۟ يَفْعَلُونَ

**അവർ ചെയ്തിരുന്ന ദുരാചാരത്തെ അവർ അന്യോന്യം തടയുമായിരുന്നില്ല. അവർ ചെയ്ത് കൊണ്ടിരുന്നത് വളരെ ചീത്ത തന്നെ(മാഇദ78,79)**

**അത് പോലെതന്നെ അസ്ഹാബുസ്സബ്ത്തിനെ കുറിച്ച് അല്ലാഹു പറഞ്ഞു :**

فَلَمَّا نَسُواْ مَا ذُكِّرُواْ بِهِۦٓ أَنجَيْنَا ٱلَّذِينَ يَنْهَوْنَ عَنِ ٱلسُّوٓءِ وَأَخَذْنَا ٱلَّذِينَ ظَلَمُواْ بِعَذَابٍۭ بَـِٔيسٍۭ بِمَا كَانُواْ يَفْسُقُون

**എന്നാൽ അവരെ ഓർമപ്പെടുത്തിയിരുന്നത് അവർ മറന്നു കളഞ്ഞപ്പോൾ ദുഷ്പ്രവൃത്തിയിൽ നിന്ന് വിലക്കിയിരുന്നവരെ നാം രക്ഷപ്പെടുത്തുകയും, അക്രമികളായ ആളുകളെ അവർ ധിക്കാരം കാണിച്ചിരുന്നതിൻ്റെ ഫലമായി നാം കഠിനമായ ശിക്ഷ മുഖേന പിടികൂടുകയും ചെയ്തു.**

فَلَمَّا عَتَوْاْ عَن مَّا نُهُواْ عَنْهُ قُلْنَا لَهُمْ كُونُواْ قِرَدَةً خَـٰسِـِٔينَ

**അങ്ങനെ അവരോട് വിലക്കപ്പെട്ടതിൻ്റെ കാര്യത്തിലെല്ലാം അവർ ധിക്കാരം പ്രവർത്തിച്ചപ്പോൾ നാം അവരോട്**

പറഞ്ഞു: നിങ്ങൾ നിന്ദ്യൻമാരായ കുരങ്ങൻമാരായി ക്കൊള്ളുക (അഅ്റാഫ്1 2 1 1 2 2)

അതുകൊണ്ട് തന്നെ അവർക്ക് അനുവദനീയമല്ലാത്ത, പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള ഈ കൂടിക്കലർന്നുള്ള പഠനം തടയൽ നിർബന്ധമാണ് .

(അന്യസ്ത്രീയുടെ അടുക്കൽ പ്രവേശിക്കൽ അല്ലാഹു നിരോധിച്ചത്)

അല്ലാഹു പറഞ്ഞു :

ۚ وَإِذَا سَأَلْتُمُوهُنَّ مَتَٰعًا فَسْـَٔلُوهُنَّ مِن وَرَآءِ حِجَابٍ

നിങ്ങൾ അവരോട് വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക (അഹ്സാബ് 53)

ഈ സന്ദേശം മുഴുവൻ സത്യവിശ്വാസികളെയും ഉൾക്കൊള്ളുന്നതാണ് .

ഉഖ്ബത്ത് ബിന് ആമിർ رضي الله عنه വിൽ നിന്ന് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീസിൽ റസൂൽ ﷺ പറഞ്ഞു : ` അന്യസ്ത്രീകളുടെ അടുത്തേക്ക് പ്രവേശിക്കുന്നത് നിങ്ങൾ സൂക്ഷിക്കുക !` അപ്പോൾ അൻസാരികളിൽ പെട്ട ഒരു മനുഷ്യൻ ചോദിച്ചു : `അല്ലയോ

അല്ലാഹുവിന്റെ റസൂലേ , ഭർത്താവിന്റെ ബന്ധുക്കളുടെ കാര്യം ഞങ്ങൾക്ക് അറിയിച്ചു തന്നാലും ?' റസൂൽ ﷺ പറഞ്ഞു : ' ഭർത്താവിന്റെ ബന്ധുക്കൾ മരണമാണ് '

ഇവിടെ ഭർത്താവിന്റെ അടുത്ത ബന്ധുക്കളെയാണ് ഉദ്ദേശം , അവരെ കുറിച്ച് റസൂൽ ﷺ പറഞ്ഞത് മരണമെന്നാണ് , അപ്പോൾ മറ്റുള്ളവരുടെ കാര്യം എങ്ങനെയാണ് !!!

**(അന്യസ്ത്രീയെയോ പുരുഷനെയൊ നോക്കൽ അല്ലാഹു നിരോധിച്ചത്)**

സ്ത്രീപുരുഷ കൂടിക്കലരലിൽ പെട്ട തിന്മയാണ് അന്യരായ പുരുഷന്മാരും സ്ത്രീകളും തമ്മിൽ തമ്മിൽ നോക്കുക എന്ന കാര്യം ,

അല്ലാഹു പറഞ്ഞു :

قُل لِّلْمُؤْمِنِينَ يَغُضُّوا۟ مِنْ أَبْصَـٰرِهِمْ وَيَحْفَظُوا۟ فُرُوجَهُمْ ۚ ذَٰلِكَ أَزْكَىٰ لَهُمْ ۗ إِنَّ ٱللَّهَ خَبِيرٌۢ بِمَا يَصْنَعُونَ

നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക.
അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്.
തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

وَقُل لِّلْمُؤْمِنَٰتِ يَغْضُضْنَ مِنْ أَبْصَٰرِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا ۖ

**സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികള്‍ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങള്‍ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയില്‍ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. (നൂര്‍ 3031)**

**അല്ലാഹു പറയുന്നു :**

يَٰٓأَيُّهَا ٱلنَّبِىُّ قُل لِّأَزْوَٰجِكَ وَبَنَاتِكَ وَنِسَآءِ ٱلْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَٰبِيبِهِنَّ

**നബിയേ, നിന്‍റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവരുടെ മൂടുപടങ്ങള്‍ അവരുടെമേല്‍ താഴ്ത്തിയിടാന്‍ പറയുക (അഹ്സാബ്59)**

**ജരീര്‍ ഇബ്നു അബ്ദുള്ള** رضي الله عنه **വില്‍ നിന്ന് സ്വഹീഹ് മുസ്ലിമില്‍ സ്ഥിരപ്പെട്ട് വന്നിരിക്കുന്നു , അദ്ദേഹം റസൂല്‍ ﷺ യോട് യാദൃശ്ചികമായി ഉള്ള നോട്ടത്തെക്കുറിച്ച് ചോദിച്ചു , അപ്പോള്‍ റസൂല്‍ ﷺ പറഞ്ഞു : 'നീ നിന്റെ ദൃഷ്ടിയെ തിരിക്കുക '**

നബി ﷺ പറഞ്ഞു : 'നിങ്ങൾ വഴിക്ക് അതിന്റെ അവകാശം നൽകുക ' സഹാബാക്കൾ ചോദിച്ചു : 'അല്ലയൊ അല്ലാഹുവിന്റെ റസൂലേ , എന്താണ് വഴിയുടെ അവകാശം ?'
നബി ﷺ പറഞ്ഞു: 'നിന്റെ നോട്ടത്തെ നീ താഴ്ത്തുക , ഉപദ്രവം തടയുക , സലാം മടക്കുക , നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക ' ഇതു ബുഖാരിയിലും മുസ്‌ലിമിലും അബൂ സഈദ് അൽ ഖുദ്രി رضي الله عنه വിൽ നിന്ന് റിപ്പോർട്ട് ചെയ്തു വന്നതാണ്

അബൂ ഹുറൈറ رضي الله عنه വിൽ നിന്ന് ബുഖാരിയിലും മുസ്‌ലിമിലും വന്ന ഹദീസിൽ , അദ്ദേഹം പറഞ്ഞു : ' റസൂൽ ﷺ പറഞ്ഞു : ' ആരാണോ ഒരു ജനതയുടെ വീട്ടിലേക്ക് അവരുടെ അനുവാദം ഇല്ലാതെ എത്തിനോക്കുന്നത് , അവന്റെ കണ്ണ് കുത്തിപ്പൊട്ടിക്കൽ അവർക്ക് അനുവദിനീയമായി "

സഹ്‌ൽ ഇബ്‌നു സഈദ് رضي الله عنه വിൽ നിന്ന് ബുഖാരിയിലും മുസ്‌ലിമിലും വന്ന ഹദീസിൽ,അദ്ദേഹം പറഞ്ഞു : ' നിശ്ചയമായും പ്രവേശനത്തിന് അനുവാദം ചോദിക്കൽ നിയമമാക്കിയത് ഈ നോട്ടം കാരണമായാണ് '

(വിവാഹാലോചന നടത്തിയതിന് ശേഷം മാത്രമാണ് ഒരു സ്ത്രീയെ നോക്കൽ അനുവദനീയമായത്)

വിവാഹാഭ്യർത്ഥന നടത്തിയ സ്ത്രീയെ നോക്കാൻ പുരുഷന് ശറഇൽ നിയമമാക്കപ്പെട്ടിരിക്കുന്നു .

സ്വഹീഹ് മുസ്‌ലിമിൽ അബൂ ഹുറൈറ رضي الله عنه വിൽ നിന്ന് സ്ഥിരപ്പെട്ട് വന്ന ഹദീസിൽ , അദ്ദേഹം പറഞ്ഞു : ' ഞങ്ങൾ റസൂൽ ﷺ യുടെ അടുത്ത് ആയിരുന്നു, അപ്പോൾ ഒരു മനുഷ്യൻ നബി ﷺ യുടെ അടുത്തേക്ക് വന്നു , താൻ അൻസാരികളിൽ പെട്ട ഒരു സ്ത്രീയെ വിവാഹം കഴിച്ചതായി അറിയിച്ചു , അപ്പോൾ നബി ﷺ ചോദിച്ചു : 'നീ അവളിലേക്ക് നോക്കിയോ ?' , അദ്ദേഹം പറഞ്ഞു : 'ഇല്ല', നബി ﷺ പറഞ്ഞു :' നീ പോകുക , എന്നിട്ട് അവളിലേക്ക് നോക്കുക , നിശ്ചയമായും അൻസാരികളുടെ കണ്ണുകളിൽ എന്തോ ഉണ്ട്' '

മുസ്നദ് അഹമ്മദിൽ ജാബിർ ഇബ്നു അബ്ദുള്ള رضي الله عنه വിൽ നിന്ന് സ്ഥിരപ്പെട്ട് വന്ന ഹദീസിൽ റസൂൽ ﷺ പറഞ്ഞു : 'നിങ്ങളിൽ പെട്ട ഒരുവൻ ഒരു സ്ത്രീയെ വിവാഹാലോചന നടത്തിയാൽ , അവളുടെ വിവാഹത്തിലേക്ക് ക്ഷണിക്കുന്ന , അവളിൽ നിന്നുള്ള ചില ഭാഗത്തിലേക്ക് നോക്കുവാൻ അവനു കഴിഞ്ഞാൽ , അവൻ അത് ചെയ്യട്ടെ .

അപ്പോൾ , ഈ രണ്ടു ഹദീസുകളിൽ വിവാഹ ഉദ്ദേശത്തിന് വേണ്ടി സ്ത്രീയെ നോക്കുവാൻ ശറഇൽ നിയമമാക്കപ്പെട്ടതിന് സൂചനയുണ്ട് , സ്ത്രീപുരുഷ കൂടിക്കലരലിന്റെ ആളുകൾ ആകട്ടെ അവരുടെ ചതി നിറഞ്ഞ കണ്ണുകളെ ശറഇൽ അവർക്ക്

യാതൊരു ന്യായീകരണവും ഇല്ലാത്ത അല്ലാഹു ഹറാമാക്കി യതിലേക്ക് അയച്ച് കൊണ്ട് ആനന്ദിക്കുകയാണ്.

**(സ്ത്രീപുരുഷന്മാർ കൂടിക്കലരൽ അവിശ്വാസികളെ അനുകരിക്കൽ)**

അത് പോലെതന്നെ സ്ത്രീപുരുഷന്മാർ കൂടിക്കലർന്നുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലും മറ്റും പെട്ട തിന്മകളിൽ പെട്ടതാണ് ,അത് ബനൂ ഇസ്‌രാഈല്യരെ അനുകരിക്കലാണ് എന്ന കാര്യം .ബനൂ ഇസ്‌രാഈല്യരുടെ ആദ്യത്തെ ഫിത്ന സ്ത്രീകളായിരിന്നു.

സ്വഹീഹ് മുസ്‌ലിമിൽ അബൂ സഈദ് അൽ ഖുദ്രി رضي الله عنه വിൽ നിന്ന് സ്ഥിരപ്പെട്ട് വന്ന ഹദീസിൽ റസൂൽ ﷺ പറഞ്ഞു: `നിശ്ചയമായും ദുനിയാവ് മധുരവും പച്ചപ്പുമാണ് തീർച്ചയായും അല്ലാഹു നിങ്ങളെ അതിൽ പിന്തുടർച്ചക്കാരാക്കും നിങ്ങൾ എങ്ങനെ പ്രവർത്തിക്കും എന്ന് നോക്കുവാൻ , അതിനാൽ നിങ്ങൾ ദുനിയാവിനെ സൂക്ഷിക്കുക , നിങ്ങൾ സ്ത്രീകളെയും സൂക്ഷിക്കുക , നിശ്ചയമായും ബനൂ ഇസ്‌രാഈല്യരുടെ ആദ്യത്തെ ഫിത്ന സ്ത്രീകളിലായിരുന്നു `

ഇബ്നു ഉമർ നിന്ന് സ്ഥിരപ്പെട്ട് വന്ന ഹദീസിൽ റസൂൽ ﷺ പറഞ്ഞു : ` ആരാണോ ഒരു ജനതയെ അനുകരിച്ചത് , അവൻ അവരിൽ പെട്ടവനാണ് `

(ഹസ്തദാനത്തിനും ദേഹസ്പർശനത്തിനുമുള്ള സാധ്യത)

സ്ത്രീപുരുഷന്മാർ കൂടിക്കലർന്നുള്ള വിദ്യാഭ്യാസത്തിൽ ഒരു പക്ഷെ അന്യസ്ത്രീകളുമായി ഹസ്തദാനത്തിനുള്ള സാധ്യത കൂടുതലാണ് , അത് ഹറാമാക്കപ്പെട്ട കാര്യമാണ് .

ത്വബറാനിയിലും മറ്റും മഅ്ഖിൽ ഇബ്നു യസാർ رضي الله عنه വിൽ നിന്ന് റിപ്പോർട്ട് ചെയ്ത് വന്ന ഹദീസിൽ റസൂൽ ﷺ പറഞ്ഞു : 'നിശ്ചയമായും നിങ്ങളിൽ നിന്ന് ഒരാളുടെ തലയിൽ ഇരുമ്പ് കൊണ്ടുള്ള ആണി കുത്തിയിറക്കുകയാണ് , അവനു അനുവദിക്കപ്പെടാത്ത ഒരു സ്ത്രീയെ അവൻ സ്പർശിക്കുന്നതിനെക്കാൾ ഉത്തമം' ബുഖാരിയിലും മുസ്ലിമിലും ആയിഷ رضي الله عنها യിൽ നിന്ന് റിപ്പോർട്ട് ചെയ്ത് വന്ന ഹദീസിൽ , മഹതി പറഞ്ഞു : 'അല്ലാഹുവാണെ സത്യം , റസൂൽ ﷺ യുടെ കൈയ്യ് വേറൊരു സ്ത്രീയുടെ കയ്യിൽ ഇതുവരെ സ്പർശിച്ചിട്ടില്ല , അവരിൽ നിന്ന് റസൂൽ ﷺ ബൈഅത്ത് സ്വീകരിച്ചിരുന്നത് വാക്കുകളിൽ കൂടിയായിരുന്നു '

(സ്ത്രീപുരുഷ കൂടിക്കലരൽ ഹൃദയങ്ങൾ ദുഷിപ്പിക്കും അതിനാൽ ശരീരം മുഴുവൻ ദുഷിക്കും)

ഈ സ്ത്രീപുരുഷ കൂടിക്കലരൽ ഹൃദയങ്ങൾ ദുഷിക്കുവാനുള്ള കാരണങ്ങളിൽ പെട്ടതാണ് .

അല്ലാഹു പറഞ്ഞത് പോലെ :

ۚ وَإِذَا سَأَلْتُمُوهُنَّ مَتَٰعًا فَسْـَٔلُوهُنَّ مِن وَرَآءِ حِجَابٍ ۚ ذَٰلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ

**നിങ്ങൾ അവരോട് വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത് (അഹ്സാബ്53)**

**ഹൃദയം ദുഷിച്ചാൽ ശരീരം മുഴുവൻ നശിച്ചു ,**

**ബുഖാരിയിലും മുസ്‌ലിമിലും നുഅ്മാൻ ഇബ്നു ബഷീർ** رضي الله عنه **വിൽ നിന്നുള്ള ഹദീസിൽ ഉള്ളതു പോലെ റസൂൽ ﷺ പറഞ്ഞു : 'നിശ്ചയമായും ശരീരത്തിൽ ഒരു മാംസപിണ്ഢമുണ്ട് , അത് നന്നായാൽ ശരീരം മുഴുവൻ നന്നായി , അത് നശിച്ചാൽ ശരീരം മുഴുവൻ നശിച്ചു , അത് ഹൃദയമാണ് '**

**(സ്ത്രീപുരുഷ കൂടിക്കലരൽ ലജ്ജയെ നശിപ്പിക്കും)**

സ്ത്രീപുരുഷ കൂടിക്കലരൽ , അത് സ്ത്രീകളുടെ ലജ്ജ നശിക്കുവാൻ കാരണമാകും , നമ്മുടെ സ്വാലിഹീങ്ങളായ സലഫുകളിൽ പെട്ട സ്ത്രീകൾ അങ്ങേയറ്റം ലജ്ജയും ശാലീനതയും ഉള്ളവരായിരിന്നു .

ബുഖാരിയിലും മുസ്‌ലിമിലും അബൂ സഈദ് അൽ ഖുദ്രി رضي الله عنه വിൽ നിന്ന് സ്ഥിരപെട്ട് വന്നിരിക്കുന്നു , റസൂൽ ﷺ ഒരു കന്യക അവളുടെ മറക്കുള്ളിൽ കാണിച്ചിരുന്ന നാണത്തെക്കാൾ നാണമുള്ള വ്യക്തിയായിരുന്നു

## (സ്ത്രീപുരുഷ കൂടിക്കലരൽ ഈമാൻ നഷ്ടമാക്കും)

ലജ്ജ നഷ്ടമായാൽ അവന്റെ ഈമാനും നഷ്ടമാകും , ഹാകിം മുസ്തദ്റകിൽ സ്വഹീഹായ സനദോടു കൂടി ഇബ്നു ഉമർ رضي الله عنه വിൽ നിന്ന് റിപ്പോർട്ട് ചെയ്ത ഹദീസിൽ റസൂൽ ﷺ പറഞ്ഞു: ' ലജ്ജയും ഈമാനും പരസ്പരം ബന്ധപെട്ടതാണ് , ഒന്ന് ഉയർത്തപെട്ടാൽ മറ്റേതും ഉയർത്തപെടും'

## (സ്ത്രീപുരുഷ കൂടിക്കലരൽ ധാർമികരോഷം നഷ്ടമാക്കും )

തനിക്ക് മഹ്റമായവർക്ക് മുകളിലുള്ള ധാർമികരോഷം നഷ്ടമാകാൻ ഈ സ്ത്രീപുരുഷ കൂടിക്കലരൽ കാരണമാകും .

മുഗീറത്ത് ഇബ്നു ശുഅ്ബ رضي الله عنه വിൽ നിന്ന് സ്ഥിരപ്പെട്ട് വന്ന ഹദീസിൽ സഅദ് ഇബ്നു ഉബാദ رضي الله عنه പറഞ്ഞു :'ഞാൻ ഒരു പുരുഷനെ എന്റെ ഭാര്യയുടെ കൂടെ കണ്ടാൽ, അവനെ ഞാൻ വാളു കൊണ്ട് വെട്ടുക തന്നെ ചെയ്യും ,ഞാൻ അവനോട് പൊറുക്കുകയില്ല ', ഇത് റസൂൽ ﷺ യെ അറിയിച്ചപ്പോൾ , റസൂൽ ﷺ പറഞ്ഞു : ' നിങ്ങൾ സഅ്ദിന്റെ ധാർമികരോഷം കണ്ട് അത്ഭുതപ്പെടുകയോണോ ? അല്ലാഹുവാണെ സത്യം! ഞാൻ സഅ്ദിനെക്കാൾ ധാർമികരോഷമുള്ളവനാണ് , അല്ലാഹു എന്നെക്കാൾ ധാർമികരോഷമുള്ളവനാണ് '*

സ്വഹീഹ് ബുഖാരിയിലും മുസ്‌ലിമിലും ആയിഷ رضي الله عنها യിൽ നിന്ന് സ്ഥിരപ്പെട്ട് വന്ന ഹദീസിൽ റസൂൽ ﷺ പറഞ്ഞു: 'അല്ലയൊ മുഹമ്മദിന്റെ സമൂഹമേ ! ഒരു മനുഷ്യനും അല്ലാഹുവിനെക്കാൾ ധാർമികരോഷമുള്ളവനല്ല , അവന്റെ ഒരു അടിമ വ്യഭിചരിക്കുമ്പോൾ അല്ലെങ്കിൽ അവന്റെ ഒരു അടിമസ്ത്രീ വ്യഭിചരിക്കുമ്പോൾ '

( സ്ത്രീപുരുഷ കൂടിക്കലരൽ വ്യഭിചാരത്തിലേക്ക് നയിക്കുന്ന മാർഗം )

സ്ത്രീപുരുഷ കൂടിക്കലരൽ വ്യഭിചാരത്തിലേക്കുള്ള വഴി യാണ് ,

ബുഖാരിയും മുസ്‌ലിമും അബൂ ഹുറൈറ رضي الله عنه വിൽ നിന്ന് റിപ്പോർട്ട് ചെയ്ത ഹദീസിൽ റസൂൽ ﷺ പറഞ്ഞു :`കണ്ണുകളുടെ വ്യഭിചാരം നോട്ടമാണ് , നാവിന്റെ വ്യഭിചാരം സംസാരമാണ് , ശരീരം അത് കാംഷിക്കുകയും മോഹിക്കുകയും ചെയ്യും , ഗുഹ്യസ്ഥാനം ഒന്നുകിൽ അതിനെ സത്യപ്പെടുത്തും അല്ലെങ്കിൽ അത് കളവാക്കും `

(സ്ത്രീപുരുഷ കൂടിക്കലരൽ സമൂഹത്തിൽ പരീക്ഷണങ്ങൾ വർദ്ധിപ്പിക്കും)

വ്യഭിചാരം വ്യാപകമായാൽ സമൂഹത്തിൽ വിവിധ തരത്തിലുള്ള പരീക്ഷണങ്ങൾ സംഭവിക്കും ,

ഹാകിം മുസ്തദ്റകിലും അഹമ്മദും ഇബ്നു ഉമർ رضي الله عنه വിൽ നിന്ന് റിപ്പോർട്ട് ചെയ്ത ഹദീസിൽ , അദ്ദേഹം പറഞ്ഞു : ` റസൂൽ ﷺ ഞങ്ങളെ അഭിമുഖീകരിച്ചു , എന്നിട്ട് പറഞ്ഞു : ` അല്ലയൊ മുഹാജിരീങ്ങളുടെ സമൂഹമേ ! അഞ്ച്

കാര്യങ്ങൾ , നിങ്ങൾ അതുകൊണ്ട് പരീക്ഷിക്കപ്പെട്ടാൽ , നിങ്ങൾ അതിനെ അഭിമുഖീകരിക്കുന്നതിൽ നിന്ന് ഞാൻ അല്ലാഹുവിനോട് അഭയം തേടുന്നു , ഒരു സമൂഹത്തിലും നികൃഷ്ടത പ്രകടമായിട്ടില്ല അവർ അത് പൊതുവായി ചെയ്യുന്നത്രത്തോളം , അവരിൽ നിന്ന് കഴിഞ്ഞ് പോയ മുൻതലമുറക്കാരിൽ സംഭവിച്ചിട്ടില്ലാത്ത പ്ലേഗും മാറാരോഗങ്ങളും അവർക്കിടയിൽ വ്യാപകമായിട്ടല്ലാതെ . ആവർ അളവിലും തൂക്കത്തിലും കുറവ് വരുത്തിയിട്ടില്ല , അവരെ ദാരിദ്ര്യവും , കൊടും ദുരിതങ്ങളും , രാജാക്കന്മാരുടെ അവരുടെ മുകളിലുള്ള അടിച്ചമർത്തലും ബാധിച്ചിട്ടല്ലാതെ . അവർ അവരുടെ സമ്പത്തിൽ നിന്ന് സക്കാത്ത് തടഞ്ഞിട്ടില്ല , ആകാശത്ത് നിന്ന് അവർക്ക് മഴ തടയപ്പെട്ടിട്ടല്ലാതെ , മൃഗങ്ങൾക്ക് വേണ്ടി അല്ലായിരുന്നെങ്കിൽ അത് പെയ്യപ്പെടുമായിരുന്നില്ല ,അവർ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള കരാർ ലംഘിച്ചിട്ടില്ല , അല്ലാഹു മറ്റൊരു ശത്രുവിനെ അവരുടെ മുകളിൽ ചുമത്തിയിട്ട് , അവർ അവരുടെ കൈകളിൽ നിന്ന് കുറച്ച് എടുത്തിട്ടല്ലാതെ . അവരുടെ നേതാക്കന്മാർ അല്ലാഹുവിന്റെ കിതാബു കൊണ്ട് വിധിക്കാതിരിക്കുകയും അവൻ ഇറക്കിയതിനെ തിരഞ്ഞെടുക്കാതിരിക്കുകയും ചെയ്തിട്ടില്ല

അല്ലാഹു അവരെ തമ്മിൽ ശത്രുതയിലാക്കിയിട്ടല്ലാതെ '

(തന്റെ സംരക്ഷണച്ചുമതലയിലുള്ളവർക്ക് സ്ത്രീപുരുഷന്മാർ കൂടിക്കലരുന്നത് തൃപ്തിപ്പെടൽ അവരോടുള്ള വഞ്ചനയാണ്)

ആരെങ്കിലും തന്റെ മകനുവേണ്ടിയോ മകൾക്ക് വേണ്ടിയോ അല്ലെങ്കിൽ അവരുടെ സംരക്ഷണച്ചുമതലയുള്ളവരോ അവർക്ക് സ്ത്രീപുരുഷ കൂടിക്കലരൽ തൃപ്തിപ്പെടുകയാണെങ്കിൽ അവൻ അവരോട് വഞ്ചന കാണിക്കുന്നവനാണ് .

നമ്മുടെ റബ്ബ് സുബ്ഹാനഹു വ തആല ഖുർആനിൽ കൂടി പറയുന്നു :

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ قُوٓاْ أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا ٱلنَّاسُ وَٱلْحِجَارَةُ

സത്യവിശ്വാസികളേ, സ്വദേഹത്തേയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക

(അൽതഹ്‌രീം6)

സ്വഹീഹ് ബുഖാരിയിലും മുസ്‌ലിമിലും മഅ്ഖിൽ ഇബ്നു യസാർ رضي الله عنه വിൽ നിന്ന് റിപ്പോർട്ട് ചെയ്ത ഹദീസിൽ റസൂൽ ﷺ പറഞ്ഞു : ' അല്ലാഹു ഒരു പ്രജയുടെ സംരക്ഷണച്ചുമതല ഉടമപ്പെടുത്തിയിട്ട് , അതിനെ ശരിയായ രീതിയിൽ അവൻ പരിപാലിക്കാതിരുന്നിട്ടില്ല , അവൻ സ്വർഗത്തിന്റെ മണം ലഭിക്കാതിരുന്നിട്ടല്ലാതെ'

(ഇത്രയും തെളിവുകൾ സ്ത്രീപുരുഷ കൂടിക്കലരൽ ഹറാമാണെന്നതിന് തെളിവുകളെ പിൻപറ്റുന്നവർക്ക് ധാരാളമാണ്)

അൽഹംദുലില്ലാഹ് , അപ്പോൾ ഈ തെളിവുകൾ കൊണ്ട് നാം സ്ത്രീപുരുഷന്മാർ കൂടിക്കലർന്നുള്ള വിദ്യാഭ്യാസം ഹറാമാണെന്ന് മനസ്സിലാക്കി , അതു പോലെതന്നെ ഒരു മുസ്‌ലിമിന് തന്റെ മകനെയോ മകളെയോ അല്ലെങ്കിൽ അവന്റെ കൽപനക്ക് കീഴിലുള്ളവരെ , അവർ ചെറുതാകട്ടെ വലുതാകട്ടെ അതിൽ പഠിപ്പിക്കൽ അനുവദിക്കപ്പെട്ട കാര്യമല്ലെന്നും മനസ്സിലാക്കി.

(മുസ്‌ലിംകളെ അവരുടെ ദീനിൽ നിന്ന് അകറ്റുവാൻ തന്ത്രങ്ങൾ മെനയുന്ന അവിശ്വാസികളുടെ ചിന്താധാരകളെ സഹായിക്കൽ)

നിശ്ചയമായും അത് ദുഷ്യത്തിലുള്ള സാമൂഹ്യവത്കരണമാണ് , അത് പോലെതന്നെ സ്വന്തം ശരീരങ്ങൾ കൊണ്ടും പണം കൊണ്ടും മുസ്ലിംകളെ അവരുടെ ദീനിൽ നിന്ന് അകറ്റാൻ ശ്രമിക്കുന്ന അവിശ്വാസികളുടെ ചിന്താധാരകളെ പ്രചരിപ്പിക്കലാണ് .

അല്ലാഹു പറഞ്ഞു :

ما يَوَدُّ ٱلَّذِينَ كَفَرُواْ مِنْ أَهْلِ ٱلْكِتَٰبِ وَلَا ٱلْمُشْرِكِينَ أَن يُنَزَّلَ عَلَيْكُم مِّنْ خَيْرٍ مِّن رَّبِّكُم

നിങ്ങളുടെ രക്ഷിതാവിൽ നിന്നും വല്ല നൻമയും നിങ്ങളുടെ മേൽ ഇറക്കപ്പെടുന്നത് വേദക്കാരിലും ബഹുദൈവാരാധകൻമാരിലും പെട്ട സത്യനിഷേധികൾ ഒട്ടും ഇഷ്ടപ്പെടുന്നില്ല

(അൽബഖറ104)

അല്ലാഹു പറഞ്ഞു:

وَدُّواْ لَوْ تَكْفُرُونَ كَمَا كَفَرُواْ فَتَكُونُونَ سَوَآءً

**അവർ അവിശ്വസിച്ചത് പോലെ നിങ്ങളും അവിശ്വസിക്കുകയും, അങ്ങനെ നിങ്ങളെല്ലാം ഒരു പോലെയായിത്തീരുകയും ചെയ്യാനാണ് അവർ കൊതിക്കുന്നത് (നിസാഅ്:8 9)**

**അല്ലാഹു പറഞ്ഞു:**

وَلَن تَرْضَىٰ عَنكَ ٱلْيَهُودُ وَلَا ٱلنَّصَٰرَىٰ حَتَّىٰ تَتَّبِعَ مِلَّتَهُمْ

**യഹൂദർക്കോ ക്രൈസ്തവർക്കോ ഒരിക്കലും നിന്നെപ്പറ്റി തൃപ്തിവരികയില്ല; നീ അവരുടെ മാർഗം പിൻപറ്റുന്നത് വരെ (ബഖറ1 20)**

**മുസ്ലിമീങ്ങളിൽ പെട്ട വലിയ ഒരു വിഭാഗം , അല്ലാഹു അവരെ നേർവഴിയിലാക്കട്ടെ , റസൂൽ ﷺ പറഞ്ഞത് പോലെ അവിശ്വാസികൾ ഒരു ഉടുമ്പിന്റെ മാളത്തിൽ പ്രവേശിച്ചാൽ അവരും അതിൽ പ്രവേശിക്കും , അല്ലാഹുവാണെ സത്യം! അതിന്റെ അന്ത്യം വളരെ വിനാശകരമായിരിക്കും , ഈ തിന്മയുടെയും മറ്റു**

**തിന്മകളുടെയും നിർമാർജനത്തിന് നമ്മുടെ ഭരണാധികാരികൾക്ക് തൗഫീഖ് നൽകുവാനും നമ്മുടെ ഈ നാടിനെയും മറ്റു മുസ്‌ലിം നാടുകളെയും എല്ലാവിധ തിന്മകളിൽ നിന്ന് സംരക്ഷിക്കുവാനും നാം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു .**

حسبنا الله و نعم الوكيل

**(അവസാനിച്ചു)**